പ്രവർത്തനരഹിതമായി കിടക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

*131. [451] ശ്രീ. കെ ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനരഹിതമായി കിടക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ഗവണ്മെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന വിശദീകരിക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ കരകുളം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എപ്പോൾ സ്ഥാപിച്ചു;

(ഡി) ഇവിടെ എന്തെല്ലാം വ്യവസായങ്ങൾ നടക്കുന്നു;

(ഇ) ഇവിടെ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം തുടങ്ങിയ വ്യവസായങ്ങളേവ?

വ്യവസായവകുപ്പ് മന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഉണ്ട്.

(ബി) ഗവണ്മെന്റ് നിയോഗിച്ച ഒരു കമ്മിറ്റി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനത്തെക്കുറിച്ചന്വേഷിക്കുകയും എസ്റ്റേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചില ശുപാർശകൾ ഗവണ്മെന്റിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തു നടപടികളാണെടുക്കേണ്ടതെന്ന് ഗവണ്മെന്റാലോചിച്ചുകൊണ്ടിരിക്കുകയാണ്.

(സി) 1965-ൽ.

(ഡി) ഇവിടെ ഇപ്പോൾ ബി. എച്ച്. സി., ഡി. ഡി. റ്റി തുടങ്ങിയ കീടനാശിനികൾ ഉല്പാദിപ്പിക്കുന്ന Comerin Chemical Industries എന്ന വ്യവസായയൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

(ഇ) Comerin Chemical Industries.

കയർവ്യവസായ പുനരുദ്ധാരണം

*132. [452] ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ പുനരുദ്ധാരണത്തിന് ഗവണ്മെന്റ് തയ്യാറാക്കിയിരുന്ന പദ്ധതിയുടെ എത്തെല്ലാം ഭാഗങ്ങൾ നടപ്പായി;

(ബി) തൊണ്ടുവില നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കാതിരിക്കാൻ കാരണമെന്ത്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) പദ്ധതിയുടെ ഒരു ഭാഗമായ കയർ ട്രെയിഡിംഗ് ഹൗസ് രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഇത് ഉടൻതന്നെ നടപ്പിൽവരുന്നതാണ്.

(ബി) കയർവ്യവസായ പുനരുദ്ധാരണപദ്ധതി പ്രകാരമുള്ള ഓരോ കയർ പ്രോജക്ട് മേഖലയിലും തൊണ്ടുവില നിയന്ത്രിക്കുന്നതിനവേണ്ടി അനൗദ്യോഗിക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ സംസ്ഥാന കയർ ഉപദേശകസമിതി പരിഗണിച്ചശേഷം തൊണ്ടുവില നിയന്ത്രണ നിയമമനുസരിച്ച് വില നിശ്ചയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly